LIBRARY ARCHIVES Kerala Legislative Assembly

ജലസുരക്ഷാ പദ്ധതി

139 (2419) ശ്രീ. പി. തിലോത്തമൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. അജിത് :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല സുരക്ഷാ പദ്ധതി എന്നു മുതലാണ് ആരംഭിച്ചത്; പ്രസ്തുതപദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കുള്ള സർവ്വേ പൂർത്തിയായിട്ടുണ്ടോ; ഈ സർവ്വേ നടത്തുന്നതിനുള്ള ചുമതല കുടുംബശ്രീയെ ഏല്പിച്ചിട്ടുണ്ടോ; പ്രസ്തുത സർവ്വേ മുഖാന്തിരമുള്ള വിവര ശേഖരണം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുതപദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;പദ്ധതിയുടെ പ്രവർത്തനങ്ങൾ യഥാസമയം ആരംഭിക്കാൻ കഴിയാതെ പോയതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജലസുരക്ഷാ പദ്ധതി ജലവിഭവ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. പ്രസ്തുത പദ്ധതി മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പാണ് വിഭാവന ചെയ്തിരിക്കുന്നത്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

ജലസംഭരണികളുടെ വിസ്തൃതി

140 (2420) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായലുകളും, തടാകങ്ങളും, കുളങ്ങളും ഉൾപ്പടെയുള്ള ജലസംഭരണികളുടെ വിസ്തൃതി, ആഴം, വേനൽക്കാലത്തും മഴക്കാലത്തുമുള്ള ജലവിസ്തൃതി അളവ് എന്നിവ കണ്ടെത്തുന്നതിനുള്ള സർവ്വെ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ പൊതു താല്പര്യാർത്ഥം അത്തരമൊരു സർവ്വെ നടത്താനുള്ള തീരുമാനം കൈക്കൊള്ളുമോ;

(സി) ജലസംഭരണികളെ സംബന്ധിച്ച ഒരു സർവ്വെ ഏറ്റവും ഒടുവിൽ നടന്നത് എന്നാണ്; ആ സർവ്വെയിൽ രേഖപ്പെടുത്തിയ വിവരങ്ങളും, തയാറാക്കിയ മാപ്പുകളും ഏതൊക്കെ വകുപ്പുകളിൽ ലഭ്യമാണെന്ന് വെളിപ്പെടുത്തുമോ; അപ്ഡേറ്റ് ചെയ്യാൻ നടപടിയുണ്ടാകുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ കായലുകളും തടാകങ്ങളും കുളങ്ങളും ഉൾപ്പെടെയുള്ള ജലസംഭരണികളുടെ വിസ്തൃതി, ആഴം, വേനൽക്കാലത്തും മഴക്കാലത്തുമുള്ള ജലവിസ്തൃതി/അളവ് എന്നിവ കണ്ടെത്തുന്നതിന് ആവശ്യമായ സർവ്വേ നടത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(സി) സംസ്ഥാനത്തെ തണ്ണീർത്തടങ്ങളെക്കുറിച്ച് 'നാഷണൽ വെറ്റ് ലാന്റ് ഇൻവെന്ററി ആന്റ് അസസ്സ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൻ കീഴിൽ പഠനം നടത്തി, 2010 ഫെബ്രുവരിയിൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഐ.എസ്.ആർ.ഒ.-യ്ക്ക് കീഴിലെ അഹമ്മദാബാദിലെ സ്പേസ് ആപ്ലിക്കേഷൻ സെന്റർ, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്റർ എന്നീ ഏജൻസികളാണ് പ്രസ്തുത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ സഹകരിച്ച സാങ്കേതിക സ്ഥാപനങ്ങൾ. റിപ്പോർട്ടിന്റെ പ്രസക്തമായ പേജ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*. ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ നടത്തിയ പ്രസ്തുത സർവ്വേ അപ്ഡേറ്റ് ചെയ്യുന്നത് പരിശോധിക്കാവുന്നതാണ്.

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

141 (2421) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽ എത്ര കുളങ്ങൾ നവീകരിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഏതൊക്കെ; പ്രസ്തുത കുളങ്ങളുടെ നവീകരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly